പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :468 03.03.2020 ലെ മറുപടിക്ക്

**സംസ്ഥാനത്തെ കയർ പിരി സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ പിരി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) സംസ്ഥാനത്തെ കയർപിരി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മേഖലാടിസ്ഥാനത്തിൽ കയർ പ്രോജക്ട് ഓഫീസുകളും സർക്കിൾ തലത്തിൽ കയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരും നിലവിലുണ്ട്. കയർ വികസന ഡയറക്ടറേറ്റ് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നു. |
| ബി) നിലവിലുള്ള സംഘങ്ങൾ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കുവാൻ സാധ്യമല്ലാത്തവയെ അടച്ച് പൂട്ടുന്നതിന്റെ ഭാഗമായി ഇതിനകം എത്രയെണ്ണത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചുവെന്ന് അറിയിക്കുമോ; | ബി) കയർ ഡയറക്ടറേറ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, സമാപ്തീകരണ നടപടികൾ നേരിടുന്ന 269 കയർ സഹകരണ സംഘങ്ങൾ ഉണ്ട്. |
| സി) ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും അവയുടെ വായ്പകൾ ഷെയറുകളാക്കുന്നതിനും പലിശ എഴുതി തള്ളുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിലൂടെ എത്ര സംഘങ്ങളെ പുനരുദ്ധരിപ്പിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | സി)ദുർബലമായ സംഘങ്ങളെ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുവാനുള്ള ശ്രമം സംഘം ഭരണസമിതിയുടെ അഭിപ്രായത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പുനരുജ്ജീവന പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടുകൂടി സംയോജിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമായ കായംകുളം പ്രോജക്ടിലെ ചിങ്ങോലി തെക്ക് സി വി സി എസ് നമ്പർ 654 നെ ചിങ്ങോലി വടക്ക് സി വി സി എസ് 207 - മായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. സംഘങ്ങളുടെ ജില്ലാ ബാങ്കുകളിലെ ബാദ്ധ്യത തീർപ്പാക്കുന്നതിനുള്ള പരിപാടി 2020-21 ബജറ്റിൽ പ്രഖ്യാപിച്ചത് യഥാസമയം നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ